കേരള സർക്കാർ
സംഗ്രഹം

ശമ്പള പരിഷ്കരണം 2014 – മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് യൂണിഫോം അലവൻസ് - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(കൈ)നം. 421/2017/(80)/ധന തീയതി, തിരുവനന്തപുരം, 22/09/2017

---

പരാമർശം :- 1.സ.ഉ.(അച്ചടി) നം.7/2016/ധന തീയതി 20.01.2016
2.സ.ഉ.(സാധാ)നം.6161/2016/പൊ.ഭ.വ. തീയതി 28.09.2016
3.സർക്കുലർ നം.38/2017/ധന തീയതി 23.05.2017

## ഉത്തരവ്

പരാമർശം 1 ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള സ്കെയിലുകൾ 01/07/2014 മുതൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2 പ്രകാരം സർക്കാർ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള ശമ്പള നിർണ്ണയ ചട്ടങ്ങൾ, അലവൻസുകൾ എന്നിവ മന്ത്രിമാർ പ്രതിപക്ഷനേതാവ് തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ജീവനക്കാർക്കും ബാധകമാണ് എന്ന് വ്യക്തമാക്കിയിരുന്നു. പരാമർശം 1 ഉത്തരവിൽ യൂണിഫോം അലവൻസിന്റെ ഷെഡ്യൂളിൽ പേഴ്സണൽ സ്റ്റാഫ് ജീവനക്കാരുടെ യൂണിഫോം അലവൻസിനെപ്പറ്റി പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്തതിനാൽ, ഡ്യൂട്ടിസമയത്ത് യൂണിഫോം ധരിക്കേണ്ടുന്ന പേഴ്സണൽ സ്റ്റാഫ് ജീവനക്കാർക്ക് നിലവിൽ യൂണിഫോം അലവൻസ് ലഭിക്കുന്നില്ല എന്നും ആയതിനാൽ ടി ജീവനക്കാർക്കും യൂണിഫോം അലവൻസ് അനുവദിക്കണമെന്നും ടി ജീവനക്കാർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മന്ത്രിമാരുടേയും പ്രതിപക്ഷ നേതാവിന്റേയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഷോഫർ, അറ്റൻഡർ എന്നീ വിഭാഗം ജീവനക്കാർ ഡ്യൂട്ടിസമയത്ത് യൂണിഫോം ധരിക്കേണ്ട വിഭാഗമായതുകൊണ്ട് ടി ജീവനക്കാർക്ക് പ്രതിവർഷം 3000 രൂപ യൂണിഫോം അലവൻസ് അനുവദിച്ച്

ഉത്തരവാകുന്നു. ഒരു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ അറ്റൻഡർമാരിൽ പരമാവധി രണ്ടു പേർക്ക് മാത്രമേ ഒരു സാമ്പത്തിക വർഷം യൂണിഫോം അലവൻസിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഈ ഉത്തരവിന് 01.04.2016 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ/ജി ആന്റ് എസ്.എസ്.എ)
കേരള ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ ആന്റ് ആർ.എസ്.എ),കേരള,
തിരുവനന്തപുരം
മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, പ്രതിപക്ഷ നേതാവ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ
സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ,ഡെപ്യൂട്ടി സെക്രട്ടറിമാർ,
അണ്ടർ സെക്രട്ടറിമാർ
ഡയറക്ടർ, ട്രഷറി വകുപ്പ്
പൊതുഭരണ(സർവ്വീസസ് -എച്ച്)വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ
നോഡൽ ഓഫീസർ, WWW.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-357880)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ